കേരളകൗമുദി

05 July 2018

# പുരസ്കാര തിളക്കത്തിൽ സി.എം.എഫ്.ആർ.ഐ

കൊച്ചി: ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) ഇത്തവണത്തെ പുരസ്കാര പ്രഖ്യാപനങ്ങളിൽ തിളങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ദേശീയ തലത്തിൽ ശ്രദ്ധേയമായ നാല് പുരസ്കാരങ്ങളാണ് ലഭിച്ചത്.

കാർഷിക മേഖലയിലെ ഗവേഷണ മികവിനുള്ള റാഫി അഹമ്മദ് കിദ്വായ് പുരസ്കാരം, ലാൽബഹദൂർ ശാസ്ത്രി യുവ ശാസ്ത്രജ്ഞനുള്ള പുരസ്കാരം, മികച്ച ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനുള്ള ജവഹർലാൽനെഹ്റു പുരസ്കാരം എന്നിവ യഥാക്രമം സി.എം.എഫ്.ആർ.ഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി, സയന്റിസ്റ്റ് ഡോ. എൽദോ വർഗീസ്, ടെക്നിക്കൽ അസിസ്റ്റന്റ് ഡോ. അനശ്രീ വി. നായർ എന്നിവർ സ്വന്തമാക്കി. കൂടാതെ ഹിന്ദി ഭാഷയുടെ പ്രചാരണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനങ്ങൾക്ക് രാജർശി ടാണ്ടൻ പുരസ്കാരവും സി.എം.എഫ്.ആർ.ഐ നേടി.

രാജ്യത്തിന്റെ സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളുടെ മികവിനുള്ള അംഗീകാരമാണ് പുരസ്കാരങ്ങളെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഒമ്പതാം തവണയാണ് രാജർശി ടാണ്ടൻ പുരസ്കാരം സി.എം.എഫ്.ആർ.ഐ സ്വന്തമാക്കുന്നത്. ഐ.സി.എ.ആറിന്റെ സ്ഥാപക ദിനമായ 16ന് ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.